# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ടിആർ1-037347/2012

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി : 22-03-2013

## *മെമ്മോറാണ്ടം*

വിഷയം : മുതിർന്ന പൗരന്മാർക്കായുള്ള സീറ്റ് സംവരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്-

സൂചന : 1.18.10.2011ലെ G.O(P)56/2011/Tran നമ്പർ സർക്കാർ ഉത്തരവ്.
2.22.02.2012ലെ മേൽ നമ്പർ മെമ്മോറാണ്ടം.
3.02.03.2013ലെ 5155/B1/2012/ട്രാൻ നമ്പർ സർക്കാർ കത്ത്.
4.13.02.2013ലെ G.O(P)11/2013/ട്രാൻ നമ്പർ സർക്കാർ ഉത്തരവ്

മുതിർന്ന പൗരന്മാരായ യാത്രക്കാർക്കായി ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സ്റ്റേജ് കാരിയേജ് സർവ്വീസുകളിൽ നിലവിലുള്ള പത്ത് ശതമാനം സീറ്റ് സംവരണം എന്നത് ഇരുപത് ശതമാനമാക്കി വർദ്ധിപ്പിച്ചുകൊണ്ടും ആയതിന്റെ നേർ പകുതി വീതം മുതിർന്ന പുരുഷന്മാർക്കും സ്ത്രീകൾക്കുമായി സംവരണം ചെയ്യാനും സൂചന നാല് പ്രകാരം സർക്കാർ ഉത്തരവായിരിക്കുകയാണ്. ഓൺലൈൻ റിസർവേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും സൂചന ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളത് നിലനിൽക്കുന്നതാണ്. ഇതിനു പുറമെ എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും നിലവിൽ 2 സീറ്റുകൾ വീതം മുതിർന്ന സ്ത്രീകൾക്കും, പുരുഷന്മാർക്കുമായി സംവരണം ചെയ്തിട്ടുള്ളത് വർദ്ധിപ്പിച്ച് 4 സീറ്റുകൾ വീതം (ആകെ 8 സീറ്റുകൾ) സംവരണം ചെയ്യേണ്ടതും, ഇതിൽ മുതിർന്ന സ്ത്രീകളുടെ സീറ്റ് നിലവിലെ സ്ത്രീകളുടെ സീറ്റിനടുത്തായി ക്രമീകരിക്കേണ്ടതുമാണ്. മുതിർന്ന പൗരന്മാർക്കായുള്ള സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്ക വിധത്തിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും ടി സീറ്റുകൾ യാത്രാവേളയിൽ ടി വിഭാഗങ്ങൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് കണ്ടക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ ഉത്തരവ് സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് യൂണിറ്റധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടറുടെ (ഓപ്പറേഷൻസ്)
ചുമതലയുള്ള ചീഫ് ട്രാഫിക് മാനേജർ

22/3/13

എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും
ചീഫ് ഓഫീസിലെ എല്ലാ വിഭാഗങ്ങൾക്കും
സി.എം.ഡി.യുടെ പി.എസ്.ന്
ജനറൽ മാനേജരുടെ സ്റ്റെനോക്ക്